©
കേരള സർക്കാർ
Government of Kerala
2019

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.Kl/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ബുധൻ<br>Thiruvananthapuram,<br>Wednesday | **2019 ജൂൺ 26**<br>26th June 2019<br>**1194 മിഥുനം 11**<br>11th Mithunam 1194<br>**1941 ആഷാഢം 5**<br>5th Ashadha 1941 | നമ്പർ<br>No. | **1403** |

കേരള സർക്കാർ

**തദ്ദേശസ്വയംഭരണ (ഐ.എ.) വകുപ്പ്**

വിജ്ഞാപനം

സ.ഉ. (അച്ചടി) നമ്പർ 35/2019/ത.സ്വ.ഭ.വ.

2019 ജൂൺ 1
1194 ഇടവം 18.
തിരുവനന്തപുരം

**S. R. O. No. 415/2019**

2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9) 54-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ചപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

2016 ഡിസംബർ 16-ാം തീയതിയിലെ സ.ഉ. (അച്ചടി) 48/2016/ത.സ്വ.ഭ.വ. നമ്പരായി പുറപ്പെടുവിച്ചതും 2016 ഡിസംബർ 16-ാം തീയതിയിലെ 2181-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 758/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപന പ്രകാരം രൂപീകരിച്ച വിശാല കൊച്ചി വികസന അതോറിറ്റിയുടെ ജനറൽ കൗൺസിലിലെ '(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് മൂന്ന് ആളുകൾ' എന്ന ഇനത്തിൽ, നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ ശ്രീ. ജോൺ ഫെർണാണ്ടസിനെ, എം.എൽ.എ., നിനവ്, ഇടകൊച്ചി, എറണാകുളം-682 006 വിശാല കൊച്ചി വികസന അതോറിറ്റി ജനറൽ കൗൺസിൽ അംഗം എന്ന പദവിയിൽ, ദിനബത്ത, യാത്രബത്ത ഉൾപ്പെടെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടെയും, ശ്രീ. ജോൺ ലൂക്കോസിനെയും, ചാർട്ടേഡ് അക്കൗണ്ടന്റ് ടി. സി. 37/3641-A, പോണോത്ത് ലെയിൻ, ദേശാഭിമാനി ജംഗ്ഷൻ, കലൂർ, കൊച്ചി-682 017, ജനറൽ കൗൺസിൽ അംഗങ്ങളായി ഉൾപ്പെടുത്തി പ്രസ്തുത വിജ്ഞാപനം താഴെ പറയും പ്രകാരം ഭേദഗതി ചെയ്യുന്നു, അതായത്: —

ഭേദഗതി

പ്രസ്തുത വിജ്ഞാപനത്തിലെ "ജനറൽ കൗൺസിൽ" എന്ന ശീർഷകത്തിൻ കീഴിൽ, "(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് മൂന്ന് ആളുകൾ" എന്ന ഉപശീർഷകത്തിന് എതിരെ താഴെ പറയുന്ന ഉൾക്കുറിപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:—

"1. ശ്രീ. ജോൺ ഫെർണാണ്ടസ്, എം.എൽ.എ.
നിനവ്, ഇടകൊച്ചി,
എറണാകുളം—682 006.

2. ശ്രീ. ജോൺ ലൂക്കോസ്,
ചാർട്ടേഡ് അക്കൗണ്ടന്റ്,
ടി. സി. 37/3641-A,
പോണോത്ത് ലെയിൻ,
ദേശാഭിമാനി ജംഗ്ഷൻ, കലൂർ, കൊച്ചി—682 017."

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടി.കെ.ജോസ്,
ഗവൺമെന്റ് അഡീഷണൽ ചീഫ് സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാല് ,അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2016 ഡിസംബർ -16ാം തീയതിയിലെ സ.ഉ. (അച്ചടി) 48/2016/തസ്വഭവ നമ്പരായി പുറപ്പെടുവിച്ചതും 2016 ഡിസംബർ -16ാം തീയതിയിലെ-2181 ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ .758/2016 ആയി പ്രസിദ്ധപ്പെടുത്തിയതുമായ വിജ്ഞാപനപ്രകാരം കേരള സർക്കാർ, 2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിലെ (2016-ലെ 9) 54-ാം വകുപ്പും 2015-ലെ കേരള നഗര-ഗ്രാമാസൂത്രണ (വികസന അതോറിറ്റികൾ) ചട്ടങ്ങളിലെ 3-ാം ചട്ടവും കൂട്ടിവായിച്ചപ്രകാരവും നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച്, വിശാലകൊച്ചി വികസന അതോറിറ്റിയുടെ ജനറൽ കൗൺസിൽ രൂപീകരിച്ചിരുന്നു. പ്രസ്തുത അതോറിറ്റിയുടെ ജനറൽ കൗൺസിലിൽ '(e) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മറ്റ് മൂന്ന് ആളുകൾ' എന്ന ഇനത്തിൽ നിയമസഭയിലെ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ ശ്രീ. ജോൺ ഫെർണാണ്ടസ് എം.എൽ.എ.യെയും ചാർട്ടേഡ് അക്കൗണ്ടന്റ് ആയ ശ്രീ. ജോൺ ലൂക്കോസിനെയും, ജനറൽ കൗൺസിലിൽ ഉൾപ്പെടുപ്പെടുത്തന്നതിന് സർക്കാർ തീരുമാനിച്ചു.

ഇന്ത്യൻ ഭരണഘടനയുടെ 102-ാം അനുച്ഛേദം (1)-ാം ഖണ്ഡം (എ) ഉപഖണ്ഡം, 191-ാം അനുച്ഛേദം (1)-ാം ഖണ്ഡം (എ) ഉപഖണ്ഡം, എന്നിവ യഥാക്രമം പാർലമെന്റിലെ ഇരുസഭകളിലെ അംഗങ്ങൾ, സംസ്ഥാന നിയമസഭയിലെ അംഗങ്ങൾ എന്നിവർ ആദായകരമായ ഉദ്യോഗ്യം വഹിക്കുന്നത് വിലക്കിയിരിക്കുന്നതിനാൽ ശ്രീ. ജോൺ ഫെർണാണ്ടസിനെ വിശാല കൊച്ചി വികസന അതോറിറ്റി ജനറൽ കൗൺസിൽ അംഗം എന്ന പദവിയിൽ, ദിനബത്ത, യാത്രബത്ത ഉൾപ്പെടെ യാതൊരുവിധ ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല എന്ന നിബന്ധനയോടെ ഉൾപ്പെടുത്താനും തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESS
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2019

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by SHEELA M G
Date:2019.06.26 01:39:38 +05:30